DESPATCHED
On 6/5/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2697(5)/19/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 20995/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി :. 08.04.2022**

ശ്രീ.ടി.ഐ.അഗസ്തി,
തെക്കേക്കര വീട്, ചാലാക്ക, നോർത്ത് കുത്തിയതോട് പി.ഒ,
എറണാകുളം – 683 578. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
കുന്നുകര ഗ്രാമപഞ്ചായത്ത് കാര്യാലയം,
കുന്നുകര – 683 578, എറണാകുളം.

2. അപ്പീൽഅധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
എറണാകുളം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 23.09.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 28.10.2019 |
| ഒന്നാംഅപ്പീൽ | 06.11.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 02.12.2019 |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 17.12.2019 |
| ഹിയറിംഗ്തീയതി, | 24.09.2021, ഓഡിയോ ഹിയറിംഗ് |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടതിൽ ഒന്നും രണ്ടും ചോദ്യങ്ങൾക്കുള്ള മറുപടി ഹർജിക്കാരന് ലഭ്യമായെന്നും ആവശ്യപ്പെട്ടതിൽ മൂന്നാമത്തെ ചോദ്യമായ 2019 ലെ ജലപ്രളയത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിലെ

D/C

14–ാം വാർഡിൽ സാമ്പത്തിക സഹായം അനുവദിച്ചവരുടെ പേരുവിവരവും തുകയുടെയും ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുക എന്ന ചോദ്യത്തിനുള്ള മറുപടി ലഭ്യമായില്ലെന്നും പ്രസ്തുത വിവരം ലഭ്യമാക്കണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

2. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നിർദ്ദിഷ്ടം തീയതിക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ടെന്നും ആവശ്യപ്പെട്ട രേഖകളിൽ ലഭ്യമായവയുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ ലഭ്യമായ ഫയലുകൾ നേരിട്ട് പരിശോധിക്കാവുന്നതാണെന്ന മറുപടി നൽകിയെങ്കിലും ടിയാൻ ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ അതിതീവ്ര നാശനഷ്ടങ്ങൾ കുന്നുകര ഗ്രാമപഞ്ചായത്തിൽ സംഭവിച്ചുവെന്നും റവന്യൂ വകുപ്പ് വഴി നാശനഷ്ടം ശതമാനം കണക്കാക്കി ദുരിതാശ്വാസ ഇനത്തിൽ തുകകൾ അനുവദിക്കുന്ന ഒരു ക്രമീകരണം സർക്കാർ നടപ്പിൽ വരുത്തുകയും ആയതിനാൽ ഡേറ്റകൾ റവന്യൂ വകുപ്പിനും, ജിയോടാഗ് ചെയ്ത് സർവ്വേ പൂർത്തിയാക്കുന്ന നടപടികളുടെ ഭൗതിക നടത്തിപ്പ് ഗ്രാമപഞ്ചായത്തിനും വന്നുചേർന്നെങ്കിലും കെട്ടിടത്തിനുണ്ടായ നാശനഷ്ടത്തിന്റെ ശതമാനം കണക്കാക്കുന്ന മാനദണ്ഡങ്ങൾ എകീകരിക്കപ്പെടാത്തതായതിനാൽ അർഹർക്ക് വേണ്ടത്ര പരിഗണന കിട്ടാതെ വന്നുയെന്നും ഹർജിക്കാരന്റെ ആവശ്യപ്രകാരം അപ്പീലിന്മേലുള്ള 14–ാം വാർഡ് സംബന്ധിച്ച എല്ലാ വിവരങ്ങളുടേയും പകർപ്പ് ടിയാന് യഥാസമയം നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, എതിർകക്ഷിയുടെയും ഹർജിക്കാരന്റെയും മൊഴിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ മൂന്നാമത്തെ ചോദ്യത്തിനുള്ള മറുപടി ഓഫീസിൽ ലഭ്യമല്ലെന്നും പ്രസ്തുത വിവരത്തിനായി പറവൂർ താലൂക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന

എസ്.പി.ഐ.ഒ.യുടെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലെങ്കിൽ പ്രസ്തുത വിവരം ലഭ്യമാകുന്ന ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം 6(3) പ്രകാരം കൈമാറേണ്ടതായിരുന്നു. 6(3) പ്രകാരം കൈമാറാതിരുന്നത് എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു.

4. ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ ഒന്നും രണ്ടും ചോദ്യങ്ങൾക്കുള്ള മറുപടി എസ്.പി.ഐ.ഒ നൽകിയതായി കമ്മീഷൻ കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മൂന്നാമത്തെ ചോദ്യത്തിനുള്ള മറുപടി കുന്നുകര ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ പറവൂർ താലൂക്ക് ഓഫീസിൽ നിന്നും ശേഖരിച്ച് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഏപ്രിൽ മാസം 8-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
**Jn**